## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4880** **01.07.2013–ൽ മറുപടിയ്ക്ക്**

## ദേശീയ ഗെയിംസിനുള്ള ഒരുക്കങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.അജിത് | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | ദേശീയ ഗെയിംസ് നടത്തിപ്പിന്റെ ഒരുക്കങ്ങൾ ഏതുവരെയെത്തി എന്ന് വ്യക്തമാക്കുമോ ; | (എ) | 35–ാമത് ദേശീയ ഗെയിംസ് 2014 ഫെബ്രുവരിയിൽ നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 9 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 15 സ്റ്റേഡിയങ്ങളുടെ നവീകരണവും 2013 ഡിസംബർ മാസത്തോടെ പൂർത്തിയാക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനുപുറമെ, കാര്യവട്ടത്ത് അന്താരാഷ്ട്രനിലവാരമുള്ള ഒരു ഹരിതപ്രതല സ്റ്റേഡിയവും നിർമ്മിക്കുന്നുണ്ട്. ദേശീയ ഗെയിംസ് സംഘാടക സമിതിയുടെ കീഴിൽ 20 സബ് കമ്മിറ്റികളും 7 പ്രാദേശിക കമ്മിറ്റികളും പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു. ദേശീയ ഗെയിംസ് സംഘാടകസമിതിയുടെ സുഗമമായ പ്രവർത്തനത്തിന് സഹായിക്കുന്നതിന് 27 പേർ അടങ്ങുന്ന എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്.<br>കായികതാരങ്ങളെയും ഒഫീഷ്യൽസിനേയും താമസിപ്പിക്കുന്നതിനുള്ള ഗെയിംസ് വില്ലേജ് പ്രീ–ഫാബ് ടെക്നോളജി ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ഇതിനായി തിരുവനന്തപുരത്ത് കഴക്കൂട്ടത്തിനടുത്ത് മേനംകുളത്ത് സിഡ്കോയുടെ ഉടമസ്ഥതയിലുള്ള 28 ഏക്കർ സ്ഥലം സർക്കാർ നാഷണൽ ഗെയിംസിനായി കൈമാറിയിട്ടുണ്ട്. ഗെയിംസ് വില്ലേജ് 2013 ഡിസംബറോടുകൂടി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ദേശീയ ഗെയിംസ് നടത്തിപ്പിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു എന്നും ഇതിൽ ഓരോ വേദികളുടെ നവീകരണത്തിനു വേണ്ടി എത്ര തുക വീതം എന്നും വ്യക്തമാക്കുമോ ; | (ബി) | ദേശീയ ഗെയിംസ് നടത്തിപ്പിനായി 31.05.2013 വരെ 74.25 കോടി രൂപ പദ്ധതിവിഹിതം ചെലവഴിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ദേശീയ ഗെയിംസ് നടത്തിപ്പിനുള്ള ചെലവുകൾ ഏതൊക്കെ ഏജൻസികളാണ് വഹിക്കുന്നതെന്നും ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്നും വ്യക്തമാക്കുമോ ; | (സി) | ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച 611.33 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ 403.36 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും, ഇതിന്റെ 30 ശതമാനമായ 121 കോടി രൂപ അനുവദിക്കുന്നതിന് ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്. ഒന്നാം ഗഡുവായി അനുവദിച്ച 55 കോടി രൂപ കഴിച്ച് ഇനി 66 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുണ്ട്. ഗെയിംസിന്റെ സുഗമമായ നടത്തിപ്പിന് ഈ തുക അപര്യാപ്തമായതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 611.33 കോടി രൂപയുടെ 50 ശതമാനമായ 306 കോടി രൂപ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്ന തുക കഴിച്ച് ബാക്കി തുക സംസ്ഥാന വിഹിതമായി അനുവദിക്കേണ്ടതുണ്ട്. |
| (ഡി) | ദേശീയ ഗെയിംസ് നടത്താനുദ്ദേശിക്കുന്ന വേദികൾ ഏതൊക്കെയെന്നും ഏതൊക്കെ മത്സരങ്ങളാണ് പ്രസ്തുത വേദികളിൽ നടത്തുന്നതെന്നും വ്യക്തമാക്കുമോ ? | (ഡി) | അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട്**
**വേദികളുടെ നവീകരണത്തിനു വേണ്ടി 31-05-2013 വരെ ചെലവഴിച്ച**
**തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ്**

| ക്രമ നം | മത്സരവേദി | ചെലവഴിച്ച തുക |
|---|---|---|
| 1 | ഐ. ആർ. സി ശംഖുമുഖം | 21434620 |
| 2 | അഗ്രികൾച്ചർ കോളേജ് ഇൻഡോർ സ്റ്റേഡിയം, വെള്ളായണി | 16651840 |
| 3 | യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം | 52488366 |
| 4 | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം | 53071176 |
| 5 | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | 33572554 |
| 6 | വി.കെ. എൻ. ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | 28546458 |
| 7 | ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | 70950544 |
| 8 | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി | 17921407 |
| 9 | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം | ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നു 16396561 |
| 10 | വാട്ടർവർക്സ് സ്വിമ്മിംഗ്പൂൾ, വെള്ളയമ്പലം, തിരുവനന്തപുരം | 21235990 |
| 11 | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | 6328043 |
| 12 | കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് | 37487237 |
| 13 | ശ്രീപാദം, ആറ്റിങ്ങൽ | 42960507 |
| 14 | പിരപ്പൻകോട്, സ്വിമ്മിംഗ്പൂൾ | 42913007 |
| 15 | തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | 0 |

സെക്ഷൻ ഓഫീസർ

**അനുബന്ധം II**

**ദേശീയ ഗെയിംസിനായി തീരുമാനിച്ചിട്ടുള്ള വേദികൾ**
**(മത്സര/പ്രദർശന ഇനങ്ങൾ സഹിതം)**

| ഉദ്ഘാടന-സമാപന ചടങ്ങ് | | | ന്യൂ ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം |
|---|---|---|---|
| നം. | മത്സര ഇനം | | വേദി |
| 1. | അത്‌ലറ്റിക്സ്<br>,, | –<br>– | യൂണിവേഴ്സിറ്റി സ്റ്റേഡിയം,<br>ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം (വാം അപ് ഗ്രൗണ്ട്) |
| 2. | അക്വാട്ടിക്സ് (എ) (സ്വിമ്മിംഗ്), (ബി) (വാട്ടർപോളോ) | – | പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ |
| 3. | സൈക്കിളിംഗ് | – | എൽ.എൻ.സി.പി.ഇ, കാര്യവട്ടം |
| 4. | ജിംനാസ്റ്റിക്സ് | – | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം |
| 5. | ഹാൻഡ്ബോൾ | | |
| 6. | ഖോ–ഖോ | – | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ |
| 7. | കബഡി | | |
| 8. | തയ്ക്കോൺണ്ടോ | – | അഗ്രികൾച്ചറൽ കോളേജ് ഇൻഡോർ സ്റ്റേഡിയം, വെള്ളായണി, തിരുവനന്തപുരം |
| 9. | നെറ്റ്ബോൾ | | |
| 10. | ടെന്നീസ് | – | ടെന്നീസ് അക്കാദമി, കുമാരപുരം, തിരുവനന്തപുരം |
| 11. | സൈക്കിൾ പോളോ | – | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം |
| 12. | സ്ക്വാഷ് | | സ്ക്വാഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം |
| 13. | വുഷു | – | ഐ.ആർ.സി ശംഖുമുഖം, തിരുവനന്തപുരം |
| 14. | ട്രയാത്തലൻ | – | കോവളം ബൈപാസ് |
| 15. | ബീച്ച് ഹാൻഡ്ബോൾ | – | ശംഖുമുഖം, തിരുവനന്തപുരം |
| 16. | ഷൂട്ടിംഗ് | – | ഷൂട്ടിങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം<br>ട്രാപ്പ് & സ്കീറ്റ് മൂക്കുന്നിമല, തിരുവനന്തപുരം |
| 17. | ഹോക്കി – സ്ത്രീകൾ<br>പുരുഷൻമാർ | – | ഹോക്കി സ്റ്റേഡിയം, കൊല്ലം |

| | | | |
|---|---|---|---|
| 18. | റഗ്ബി സെവൻസ് | – | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം |
| 19. | കനോയിംഗ്, കയാകിംഗ് | – | പുന്നമടക്കായൽ, ആലപ്പുഴ |
| 20. | റോവിംഗ് | | |
| 21. | ആർച്ചറി | – | ജവഹർലാൽ നെഹ്റു സ്റ്റേഡിയം, കൊച്ചി |
| 22. | ബാഡ്മിന്റൺ | | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി |
| 23. | ടേബിൾ ടെന്നീസ് | | |
| 24. | ഫെൻസിംഗ് | | സിയാൽ എക്സിബിഷൻ സെന്റർ കൊച്ചി |
| 25. | [illegible] | | |
| 26. | ലോൺ ബോൾ | | കൊച്ചിൻ ഇന്റർനാഷണൽ എയർ പോർട്ട് ലിമിറ്റഡ് ഗോൾഫ് കോഴ്സ്, കൊച്ചി |
| 27. | [illegible] | | [illegible], കൊച്ചി |
| 28. | ജൂഡോ | | |
| 29. | വെയ്റ്റ്ലിഫ്റ്റിംഗ് | – | വി.കെ.എൻ. ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ |
| 30. | ബോക്സിംഗ് – സ്ത്രീകൾ<br>പുരുഷന്മാർ | – | തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ |
| 31. | ഫുട്ബോൾ – സ്ത്രീകൾ<br>പുരുഷന്മാർ | – | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ<br>കോർപ്പറേഷൻ സ്റ്റേഡിയം &<br>മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 32. | വോളിബോൾ – സ്ത്രീകൾ<br>പുരുഷന്മാർ | – | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് |
| 33. | സെപക് താക്റൊ | | |
| 34. | ബീച്ച് വോളിബോൾ | – | കോഴിക്കോട് ബീച്ച് |
| 35. | ബാസ്കറ്റ് ബോൾ<br>സ്ത്രീ –പുരുഷ വിഭാഗങ്ങൾ | – | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ |
| 36. | റസ്ലിംഗ് | | |

**പ്രദർശന ഇനങ്ങൾ**

| | | | |
|---|---|---|---|
| 1. | വള്ളംകളി | – | പുന്നമടക്കായൽ, ആലപ്പുഴ |
| 2. | കളരിപ്പയറ്റ് | – | ന്യൂ ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം |

സെക്ഷൻ ഓഫീസർ